# നെൽകൃഷിയിൽ യന്ത്രവൽക്കരണം: മയ്യിൽ ഒരു വിജയ മാതൃക

Janayugom 31.12.17

മണ്ണുത്തി: തവിടു കളയാത്ത പോഷക സമൃദ്ധമായ അരി, വിഷമയമില്ലാതെ ഉൽപാദിപ്പിച്ച് വിൽപ്പനയ്ക്കു തയ്യാറായിരിക്കുന്നു വൈഗയിൽ. കണ്ണൂർ ജില്ലയിലെ മയ്യിൽ ഗ്രാമ പഞ്ചായത്തിലെ നെല്ലുൽപ്പാദന കമ്പനിയാണ് വെള്ളാനിക്കര കാർഷിക സർവ്വകലാശാല ആസ്ഥാനത്ത് നടക്കുന്ന വൈഗ 2017-ൽ അവരുടെ വിജയമാതൃക നമുക്ക് പരിചയപ്പെടുത്തുന്നത്. 25 പാടശേഖരങ്ങളിലായി 750 ഏക്കറിൽ നെൽകൃഷിയിറക്കുകയും, ഹെക്ടറിന് 4320 കിലോ ഉൽപാദനം നേടുകയും, യന്ത്രവൽക്കരണത്തിലൂടെ കൃഷിചിലവ് പരമാവധി കുറയ്ക്കാൻ കഴിയുമെന്ന് തെളിയിക്കുകയും ചെയ്തതാണ് മയ്യിലെ നെൽകൃഷിക്കാർ. 39900 രൂപ വിലമതിക്കുന്ന ചെറുകിട നെല്ല്കുത്ത് യന്ത്രമാണ് സ്റ്റാളിലെ താരം. ഒരുകിലോ നെല്ല്കുത്താൻ 25 പൈസയുടെ വൈദ്യുതി മാത്രമേ ചെലവുള്ളൂ. ഒരു മണിക്കൂർ കൊണ്ട് 225 കിലോ നെല്ല് കുത്തിയെടുക്കാം. തവിട് ഇഷ്ടത്തിനനുസരിച്ച് ക്രമപ്പെടുത്തി കുത്തിയെടുക്കാനുള്ള സംവിധാനമുണ്ട്. ഒരു കിലോ നെല്ല് കുത്തിയാൽ 750 ഗ്രാമോളം അരി ലഭ്യമാകും. നെല്ല് പുഴുങ്ങുന്നതിന് 7000 രൂപ ചെലവിൽ നിർമ്മിച്ച യന്ത്രവും നെല്ലുണക്കുന്നതിനുള്ള പോളിഹൗസ് സംവിധാനവും ഇവിടെ പ്രദർശിപ്പിച്ചിട്ടുണ്ട്. നെൽകൃഷി മേഖലയിലെ ഈ വിജയമാതൃക കാണുന്നതിനും പരീക്ഷിക്കുന്നതിനും വൈഗ സ്വാഗതം ചെയ്യുന്നു.